# O.S.S.A.E.

## വാർഷിക പരീക്ഷ 2015

Class VIII **06-12-2015 ഞായർ** 2 pm to 4 pm Marks 50

**പേര് എഴുതുക (1-5)** 5

1. തന്റെ പിൻഗാമിയായി ഏലിയാവ് നിയമിച്ച പ്രവാചകൻ.
2. ഉസ്സിയാവിന്റെ മറ്റൊരു പേര്.
3. പൗരസ്ത്യ സഭകൾ ദൈവശാസ്ത്രജ്ഞൻ എന്ന പേരുനൽകി ആദ്യം ആദരിച്ച വ്യക്തി.
4. പഴയസെമിനാരി സ്ഥാപകൻ.
5. ക്രിസ്തുവിനെപ്രതി മരണം ഏറ്റ ആദ്യത്തെ സഹദാ.

**ബ്രായ്ക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6-10)** 5

6. പത്രോസ് സൗഖ്യമാക്കിയ തളർവാതരോഗിയുടെ പേര്.
   (അനന്യാസ്, തബീഥാ, ഐനയാസ്)
7. ഏത് പട്ടണത്തിലാണ് ഫിലിപ്പോസ് ആദ്യം സുവിശേഷം അറിയിച്ചത്.
   (ഗസ്സ, ശമര്യ, കൈസര്യ)
8. സൂത്താറ എന്ന വാക്കിന്റെ അർത്ഥം.
   (കാവൽ, ശയനം, സമയം)
9. യരുശലേം സുന്നഹദോസ് നടന്ന വർഷം.
   (A.D. 51, A.D. 49., A.D. 42)
10. ദിവന്നാസ്യോസ് അഞ്ചാമന്റെ മാമോദീസാപ്പേര്.
    (ഇട്ടൂപ്പ്, ജോസഫ്, താരുകുര്യൻ)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്ന് എഴുതുക (11-15)** 5

11. യിസ്രായേലിന്റെ തലസ്ഥാനം ആദ്യം ശമര്യയും പിന്നീട് തിർസ്സായും ആയിരുന്നു.
12. ആഹാബിന്റെ കാലത്തുണ്ടായിരുന്ന രണ്ട് പ്രവാചകന്മാരാണ് ഏലിയാ പ്രവാചകനും മീഖായാവ് പ്രവാചകനും.
13. സുന്നഗോഗ് ആരാധനാശൈലി പിൻതുടർന്ന ക്രിസ്തീയ സഭയുടെ ആരാധനാദിനം ഞായറാഴ്ചയായിരുന്നു.
14. ക്നായിതൊമ്മന് കൊച്ചേര കോരൻ പെരുമാൾ നല്കിയ ചെപ്പേടാണ് വീരരാഘവപട്ടയം.
15. സഭയുടെ വിശ്വാസത്തിൽ ജീവിച്ച് വി. കൂദാശകൾ സ്വീകരിച്ച് ദൈവഹിതമനുസരിച്ച് വാങ്ങിപ്പോയ സകലരെയും ആറാം തുബ്ദേനിൽ ഓർത്തു പ്രാർത്ഥിക്കുന്നു.

**താഴെ പറയുന്ന വാചകങ്ങൾ ആര് പറഞ്ഞതാണ് (16-20)** 5

16. "ആ മനുഷ്യൻ നീ തന്നെ."
17. "വെള്ളിയും പൊന്നും എനിക്കില്ലാ; എനിക്കുള്ളത് നിനക്കു തരുന്നു."
18. "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു."
19. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു."
20. "അവർക്ക് ഈ പാപം നിർത്തരുതേ."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21-25)** 5

| | | |
|---|---|---|
| 21. വട്ടെഴുത്ത് | - | മുളന്തുരുത്തി സുന്നഹദോസ് |
| 22. ശാലേം | - | സഭാജ്യോതിസ് |
| 23. ദിവന്നാസ്യോസ് II | - | വിശുദ്ധ സ്ഥലം |
| 24. ദിവന്നാസ്യോസ് V | - | സമാധാനം |
| 25. ബസ്ക്കുദിശാ | - | തമിഴ് ഭാഷ |

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക (26–30)** 5

26. 'മുടികൾ മെടഞ്ഞവ നിരനിരയായ്' എന്നു തുടങ്ങുന്ന ഗീതത്തിൽ കിരീടങ്ങൾ അടുക്കിവെച്ചിരിക്കുന്നതെവിടെയാണ്?
27. യേശുക്രിസ്തുവിൽ വിവിധ സ്വഭാവങ്ങളില്ല. ഏകനാണ് യേശുക്രിസ്തു എന്ന് പറഞ്ഞ വേദവിപരീതം ഏത്?
28. ഇന്നത്തെ ക്നാനായ വിഭാഗക്കാർ ആരുടെ പിൻഗാമിത്വം അവകാശപ്പെടുന്നവരാണ്?
29. കപ്പദോക്യൻ പിതാക്കന്മാരായ ഗ്രിഗോറിയോസും ബസേലിയോസും ചേർന്ന് രചിച്ച ആത്മീയ ഗ്രന്ഥം ഏത്?
30. റോമാസഭയിലെ വൈദികന് മെത്രാൻസ്ഥാനം നൽകി ദിവന്നാസ്യോസ് അഞ്ചാമൻ നൽകിയ പേര്?

**ഒരു വാചകത്തിൽ മാത്രം ഉത്തരം എഴുതുക (31–35)** 10

31. ദൈവഭക്തരുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?
32. വിശ്വാസസമർത്ഥകരുടെ പ്രധാന പ്രതിവാദ്യവിഷയങ്ങൾ എന്തെല്ലാമായിരുന്നു?
33. വാങ്ങിപ്പോകുന്നവർ നിദ്രപ്രാപിച്ചുവെന്നും വിശ്രമത്തിലായിയെന്നും പറയുന്നത് ഏത് അർത്ഥത്തിലാണ്?
34. വായനകൊണ്ട് മൂല്യബോധമുണ്ടാകുന്നതെങ്ങനെ?
35. സമയവിനിയോഗം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച്, അതിന് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** 4

പ. പൗലോസ് ശ്ലീഹായുടെ പ്രബോധനം: 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ.' ദൈവരാജ്യം പൂർണ്ണമായി സ്ഥാപിക്കുന്നതുവരെ ഏത് ഭരണക്രമത്തിലായാലും നന്മയും തിന്മയും ഇടകലർന്നേ സ്ഥിതിചെയ്യുകയുള്ളൂ. കുടുംബത്തിലും ഇടവകയിലും സഭയിലും ഈ വിധത്തിൽ തിന്മകൾ നിലനിൽക്കുന്നുണ്ടാവാം. ആ കാര്യം പറഞ്ഞ് സമൂഹത്തോടുള്ള നമ്മുടെ ധർമ്മം നിർവ്വഹിക്കാതിരിക്കാനാവില്ല. റോമാക്കാർക്ക് നികുതി കൊടുക്കുന്നത് വിലക്കാത്ത കർത്താവ് ഈ സത്യം നമ്മെ പഠിപ്പിക്കുന്നു. തിന്മയോട് എതിർക്കുമ്പോഴും നമ്മുടെ പൗരധർമ്മം ഉപേക്ഷിക്കരുതെന്നുതന്നെയാണ് വി. വേദപുസ്തകവും യേശുക്രിസ്തുവും നമ്മെ പഠിപ്പിക്കുന്നത്. പൗരധർമ്മം നമ്മുടെ ആത്മീകതയുടെ ഭാഗമാണ്.

36. പ. പൗലോസ് ശ്ലീഹായുടെ പ്രബോധനം എന്ത്?
37. കർത്താവ് വിലക്കാത്തതെന്ത്?
38. വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നതെന്ത്?
39. ആത്മീകതയുടെ ഭാഗമാകുന്നതെന്താണ്?

**താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം ചേർത്ത് പ്രാർത്ഥന പൂർണ്ണമാക്കുക** 3

40. എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ........................................ മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

**താഴെ പറയുന്ന ഗീതം എഴുതുക** 3

41. ദൈവം സൃഷ്ടിച്ചാദത്തെ
    ........................................................
    ........................................................
    ........................................................
    ........................................................
    ........................................................
    ........................................................
    മണ്ണിനുയർച്ചയിലാശ്ചര്യം